പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3562 — 10.04.2013-ൽ മറുപടിക്ക്

## നഗരശുചിത്വം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ആർ. സെൽവരാജ്<br>,, എം. പി. വിൻസന്റ്<br>,, എ. റ്റി. ജോർജ്<br>,, ഹൈബി ഈഡൻ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് നഗരശുചിത്വം ഉറപ്പാക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) | ഉറവിട മാലിന്യസംസ്ക്കരണത്തിന് പ്രോത്സാഹനം നൽകുന്ന പദ്ധതിയാണ് ഇപ്പോൾ ആവിഷ്കരിച്ചിരിക്കുന്നത്. മാലിന്യസംസ്കരണം നടത്തുവാനുള്ള പ്രോത്സാഹനം നൽകുവാനും, ചീഞ്ഞളിയുന്ന മാലിന്യങ്ങൾ (ജൈവമാലിന്യങ്ങൾ) ഉറവിടത്തിൽ തന്നെ സംസ്കരിക്കുക വഴി പൊതുസ്ഥലത്തിലേക്കും പൊതുമാലിന്യസംസ്കരണ കേന്ദ്രത്തിലേക്കും എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുകയെന്നതുമാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; | സി) | അതാത് പ്രദേശത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴിയാണ് ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിച്ച് സർക്കാർ അംഗീകൃത സേവന ദാതാക്കൾ വഴിയോ അക്രഡിറ്റഡ് ഏജൻസികൾ വഴിയോ നടപ്പിലാക്കി വരുന്നത്. |
| ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;<br>വിശദാംശം ലഭ്യമാക്കുമോ? | ഡി) | ഉറവിട മാലിന്യം സംസ്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി വീടുകളിലും സ്ഥാപനങ്ങളിലും അനുയോജ്യമായ സാങ്കേതിക വിദ്യകൾ അനുവദിക്കുന്നതിനും അവയ്ക്കുള്ള സബ്സിഡി നിരക്ക് ഉയർത്താനും കഴിഞ്ഞു. കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് 75% സബ്സിഡിയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്ന് 15% സബ്സിഡിയും ചേർത്ത് ആകെ 90% സബ്സീഡിയായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. ഗാർഹിക തലത്തിലുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും 50% സബ്സിഡിയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നും 25% സബ്സിഡിയും ചേർത്ത് 75% സബ്സിഡിയായി ഉയർത്താനും കഴിഞ്ഞു. |

സാമ്പത്തിക സഹായത്തിന് പുറമെ മാലിന്യ സംസ്ക്കരണം ഫലപ്രദമായി നടപ്പിലാക്കുന്നതിന് വേണ്ട സാങ്കേതിക സഹായവും ശുചിത്വ മിഷൻ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ മേഖലയിലെ പദ്ധതി നടപ്പിലാക്കാനുള്ള സേവനം നൽകാനായി 84 സർക്കാർ അംഗീകൃത സേവന ദാതാക്കളെയും 3 അക്രെഡിറ്റഡ് ഏജൻസികളുടെ സേവനവും ഇതിനായി ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതി തയ്യാറാക്കി നടപ്പിലാക്കാനുള്ള ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

സെക്ഷൻ ഓഫീസർ